# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. T.2221

11.06.2018-ൽ മറുപടിയ്ക്ക്.

## അഗതി പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതി

**ചോദ്യം**
**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ.പി.ജെ.ജോസഫ്**
**ശ്രീ.സി.എഫ്.തോമസ്**
**ഡോ.എൻ.ജയരാജ്**

**മറുപടി**
**കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും അഗതി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | പട്ടണങ്ങളിൽ എത്തിച്ചേരുന്ന അഗതികൾക്ക് രാത്രി കാലം സുരക്ഷിതമായി താമസിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ മേൽ നോട്ടത്തിലും സന്നദ്ധ സംഘടനയുടെ സഹകരണത്തോടു കൂടിയും 'എന്റെ കൂട്' എന്ന പദ്ധതി ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | കോഴിക്കോട് ജില്ലയിൽ 'എന്റെ കൂട്' പദ്ധതി നിലവിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 'എന്റെ കൂട്' പദ്ധതി പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്നുള്ള വിശദാംശം നൽകുമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ 'എന്റെ കൂട്' പദ്ധതി നടത്തിപ്പിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 'എന്റെ കൂട്' പദ്ധതി 2018-19 വർഷത്തിൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ